# جامعة دار الهدى الإسلامية

# DARUL HUDA ISLAMIC UNIVERSITY


www.dhiu.in info@dhiu.in

# Our Inspiration

നമ്മുടെ ലക്ഷ്യം കേരളം മാത്രമല്ല, കേരളത്തിന് പുറത്ത് അഹ്ലുസ്സുന്നത്തി വൽജമാഅത്തിനെ എത്തിക്കാൻ നമുക്ക് കഴിയണം. ഇൻശാ അല്ലാഹ്,

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്കും അടുത്ത ഭാവിയിൽ ലോകത്തിലെ മറ്റു രാഷ്ട്രങ്ങളിലേക്കും ദാറുൽഹുദായിൽ നിന്ന് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ പ്രകാശം പരത്താൻ നമുക്ക് കഴിയണം. ആഗ്രഹിക്കാനുള്ള അവകാശം നമുക്കുള്ളതാണ്.'

ഡോ. യു. ബാപ്പുട്ടി ഹാജി
(Founder, Darul Huda Islamic University)



# The Message

മൂല്യബോധമുള്ള പണ്ഡിതരെ വാർത്തെടുക്കുക, കാലത്തോട് സംവദിക്കുന്ന വിദ്യാഭ്യാസ പ്രക്രിയ സാധ്യമാക്കുക, ഇസ്‌ലാമിക ജ്ഞാനപ്രസരണത്തിലൂടെ സാമൂഹിക പരിഷ്‌കരണം യാഥാർത്ഥ്യമാക്കുക എന്നീ ഉന്നതമായ ദൗത്യം നിർവഹിക്കാൻ സ്ഥാപിതമായ വിദ്യാഭ്യാസ സംരംഭമാണ് ദാറുൽഹുദാ ഇസ്‌ലാമിക് യൂണിവേഴ്‌സിറ്റി.

മത ബോധന രംഗത്ത് വർത്തമാനകാലത്തെ ആവശ്യങ്ങൾ നിറവേറ്റുകയും ഭാവിക്കു വേണ്ട ഒരുക്കങ്ങൾ നടത്തുകയും ജീവിതത്തിൽ മൂല്യങ്ങൾ പകർത്തുകയും ചെയ്യുന്ന ഒരു പണ്ഡിതവൃന്ദത്തെ വാർത്തെടുക്കുന്നു ഈ അറിവിന്റെ കേന്ദ്രം. ഇന്ത്യയിലും പുറത്തും മുസ്‌ലിം സാമൂഹിക, സംസ്‌കാരിക സമുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ദാറുൽഹുദാ മൂന്നു പതിറ്റാണ്ടു കാലമായി അതിന്റെ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്നു.

38 സ്ഥാപനങ്ങളിലായി 9500ലധികം വിദ്യാർത്ഥികൾക്ക് ഈ സംവിധാനത്തിനു കീഴിൽ സൗജന്യ മത ഭൗതിക വിദ്യഭ്യാസം നൽകിക്കൊണ്ടിരിക്കുന്നു. ദേശീയ അന്തർദേശീയ തലത്തിൽ വിശുദ്ധ ഇസ്‌ലാമിനെ പ്രബോധനം ചെയ്യുക, മൂല്യാധിഷ്ഠിത ജ്ഞാനത്തിലൂടെ പ്രതാപങ്ങൾ വീണ്ടെടുക്കുക എന്നിവയാണ് ദാറുൽ ഹുദായിൽ നിന്ന് പുറത്തിറങ്ങുന്ന പണ്ഡിതർ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്.

**ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി**

**Vice Chancellor, Darul Huda Islamic University**

# Steps of Aspiration

സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ കീഴ്ഘടകമായ
സുന്നി മഹല്ല് ഫെഡറേഷന് (എസ്.എം.എഫ്) കീഴിൽ എം.എം ബശീർ
മുസ്‌ലിയാർ, സി.എച്ച് ഐദറൂസ് മുസ്‌ലിയാർ,  ഡോ. യു. ബാപ്പുട്ടി ഹാജി
എന്നിവരുടെ നേതൃത്വത്തിൽ 1983 ഡിസംബർ 25 ന് ദാറുൽഹുദായുടെ
ശിലാസ്ഥാപനകർമം നിർവഹിച്ചു. 1986 ജൂൺ 25 നായിരുന്നു പഠനാരംഭം.
2009 മെയ് 10 ന് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ
ഇസ്‌ലാമിക സർവകലാശാലയായി അപ്ഗ്രേഡ് ചെയ്ത് പ്രഖ്യാപനം നടത്തി.



# Foundational Principles

വിദ്യാഭ്യാസം, സംസ്‌കരണം, പ്രബോധനം എന്നിവയാണ് ദാറുൽഹുദാ മുന്നോട്ടുവെച്ച പ്രമേയങ്ങൾ.

**തഅ്‌ലീം (വിദ്യാഭ്യാസം)**
ഇസ്‌ലാമിക വിജ്ഞാനീയങ്ങളെയും ശാസ്ത്ര സാമൂഹിക ജ്ഞാനങ്ങളെയും സമഗ്രമായി സമന്വയിപ്പിച്ചുള്ള, ആഗോള നിലാവരം പുലർത്തുന്ന വിദ്യഭ്യാസം.

**തർബിയ(സംസ്‌കരണം)**
ധാർമിക ആത്മിക ബോധമുള്ള അറിവിലൂടെ വ്യക്തിത്വം, സ്വഭാവം, ഇടപെടൽ എന്നിവ സംശുദ്ധമാക്കുന്ന ജീവിത പരിശീലനം.

**ദഅ്‌വ (പ്രബോധനം)**
ഇസ്‌ലാമിന്റെ ശരിയായ ആശയവും അതിലധിഷ്ഠിതമായ നിത്യജീവിതവും  വിവിധ ദേശങ്ങളിൽ പ്രചിരിപ്പിക്കാനുള്ള ദൗത്യം.

# Objectives

പുതിയ കാലത്തെയും പല ദേശങ്ങളെയും ഇസ്‌ലാമിക
മൂല്യബോധത്തിൽ അഭിസംബോധനം ചെയ്യാൻ സാധിക്കുന്ന പണ്ഡിതർ

---

ആഗോളതലത്തിൽ പലവിധ അക്കാദമിക ഇടപെടലുകളിലൂടെ ഇസ്‌ലാമിക
പ്രബോധനം ചെയ്യാൻ കഴിവുള്ള ഗവേഷകർ

---

മതബോധവും വിദ്യാഭ്യാസവും ലഭിക്കാത്ത ഉത്തരേന്ത്യൻ മുസ്‌ലിം
സമൂഹങ്ങളെ സമുദ്ധരിക്കാനുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

---

അറിവിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ഇന്ത്യൻ മുസ്‌ലിം
ന്യൂനപക്ഷത്തിന്റെ സാമുദായിക മതകീയ ശാക്തീകരണം

---

മുസ്‌ലിം വനിതകളുടെ സാമൂഹികവും വൈജ്ഞാനികവുമായ ഉന്നമനം




# National Projects

വിദ്യാഭ്യാസവും മതബോധവുമില്ലാതെ അരക്ഷിതരും വിധേയരുമായി ജീവിക്കാൻ വിധിക്കപ്പെട്ട മുസ്ലിം ന്യൂനപക്ഷത്തെ മതമൂല്യങ്ങളിലേക്ക് കൈപിടിക്കാനും അവരിൽ അഭിമാനകരമായ അസ്തിത്വ ബോധം വളർത്താനും യോഗ്യതയുള്ള നേതൃനിരയാണ് കാലം ആവശ്യപ്പെടുന്നത്.

ഉയർന്ന വിദ്യാഭ്യാസം, ആകർഷണീയ വ്യക്തി നേതൃഗുണങ്ങൾ ആർജിച്ച ഒരു സവിശേഷ പണ്ഡിതനിരയെ മുസ്ലിം പിന്നാക്ക പ്രദേശങ്ങളിൽ വളർത്തിക്കൊണ്ടുവരികയാണ് ഓഫ് കാമ്പസ് സെന്ററുകളിലൂടെ ദാറുൽ ഹുദാ.

# ഓഫ് കാമ്പസുകൾ

- പുങ്കനൂർ, ആന്ധ്രാപ്രദേശ്
- ബീർഭൂം, വെസ്റ്റ് ബംഗാൾ
- ബാർപേട്ട, അസം
- ഹാംഗൽ, കർണാടക
- ഭീവണ്ടി, മുംബൈ
- നെടുമങ്ങാട്, തിരുവനന്തപുരം

ANDHRA




KARNATAKA



W. BENGAL



BHIWANDI



ASSAM



TRIVANDRUM



# വനിതാ വിദ്യാഭ്യാസം

മതബോധമുള്ള കുടുംബങ്ങളും സമൂഹവും വളർന്നുവരാൻ ഏറ്റവും അനിവാര്യമായ ഘടകമാണ് വനിതാ വിദ്യാഭ്യാസം.


പിന്നാക്കാവസ്ഥ, ദാരിദ്ര്യം, സാമൂഹിക ചൂഷണങ്ങൾ എന്നിവ ഇല്ലായ്മ ചെയ്യാനും ഇതര വിഭാഗങ്ങളോടു ചേർന്നു ജീവിക്കുന്നതിനാൽ ചോർന്നുപോകുന്ന സാംസ്കാരികത്തനിമ വീണ്ടെടുക്കാനും പുതുതലമുറയിലെ പെൺകുട്ടികളെ മത ഭൗതിക വിദ്യാഭ്യാസം നൽകി പ്രബുദ്ധരാക്കുകയാണ് ഏകവഴി.

കേരളത്തിലും പുറത്തും പുതിയ വനിതാ കാമ്പസുകൾ ആരംഭിക്കാൻ ദാറുൽഹുദാ മാനേജിംഗ് കമ്മിറ്റി അംഗീകാരം നൽകിക്കഴിഞ്ഞു.

| | |
|---|---|
| കാമ്പസുകൾ | 04 |
| ഫാത്വിമ സഹ്റാ വുമൺസ് കോളേജ് | 273 |
| ദാറുൽബനാത് അക്കാദമി, എറണാകുളം | 40 |
| ദാറുൽഹുദാ ഗേൾസ് സ്കൂൾ, ബംഗാൾ | 110 |
| ദാറുൽഹുദാ ഗേൾസ് സകൂൾ, അസം | 61 |
| മഹ്ദിയ്യ കാമ്പസുകൾ 60+ സെന്ററുകൾ | 3000+ |

**ആകെ വിദ്യാർത്ഥിനികൾ**

**3400+**



## അഫിലിയേറ്റഡ് സ്ഥാപനങ്ങൾ

| | |
|---|---|
| കേരളത്തിന് പുറത്ത് | 04 |
| ഉത്തര കേരളം | 18 |
| മധ്യ കേരളം | 05 |
| ദക്ഷിണ കേരളം | 01 |

## വിദ്യാർത്ഥികൾ, അധ്യാപകർ

| | |
|---|---|
| ദാറുൽഹുദാ വിദ്യാർത്ഥികൾ | 1200 |
| മലയാളി വിദ്യാർത്ഥികൾ (യു.ജി) | 5979 |
| കേരളേതര വിദ്യാർത്ഥികൾ | 1018 |
| ഓഫ് കാമ്പസ് വിദ്യാർത്ഥികൾ | 798 |
| സഹ്റാവിയ്യ കോഴ്സ് | 313 |
| മഹ്ദിയ്യ കോഴ്സ് | 3000 |
| ഹിഫ്ള് വിദ്യാർത്ഥികൾ | 56 |
| അധ്യാപകർ | 612 |
| **ആകെ** | **12976** |

## അക്കാദമിക്സ്

**പന്ത്രണ്ട് വർഷ കോഴ്സ്**

സെക്കണ്ടറി: അഞ്ചു വർഷം
സീനിയർ സെക്കണ്ടറി: രണ്ട് വർഷം
അണ്ടർ ഗ്രാജ്വേഷൻ: ആറു സെമസ്റ്ററുകൾ
പോസ്റ്റ് ഗ്രാജ്വേഷൻ: നാല് സെമസ്റ്ററുകൾ

## കോഴ്സുകൾ

**Classical Islamic Texts:** ഖുർആൻ, തഫ്സീർ, തജ്‌വീദ്, ഉലൂമുൽ ഖുർആൻ, ഹദീസ്, ഉസ്വൂലുൽ ഹദീസ്, അഖീദ, ഫിഖ്ഹ്, ഉസ്വൂലുൽ ഫിഖ്ഹ്, താരീഖ്

**Arts and Sciences:** ലോജിക്, മാത്സ്, സയൻസ്, സോഷ്യോളജി, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, സൈക്കോളജി, എക്കോണമിക്സ്, കമ്പ്യൂട്ടർ സയൻസ്

**Languages:** അറബിക്, ഇംഗ്ലീഷ്, ഉറുദു, മലയാളം, ഹിന്ദി.
Reading, Listening, Writing, Speaking Skills

## പി.ജി കോഴ്സ്

പത്തു വർഷക്കാലത്തെ അണ്ടർഗ്രാജ്വേറ്റ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള ബിരുദാനന്തര പഠനമാണ് രണ്ടു വർഷത്തെ പി.ജി കോഴ്സ്.

55 ശതമാനം മാർക്കോടെ ഡിഗ്രി എക്സാം പാസായി സമഗ്രമായ അഭിമുഖ പരീക്ഷ (പി.ജി വൈവ) വിജയിച്ചവർക്കാണ് അവസരം ലഭിക്കുന്നത്.

## പ്രോഗ്രാമുകൾ

കോർ കോഴ്സ്, കുല്ലിയ്യ കോഴ്സ്, ഡിപ്പാർട്ട്മെന്റ് കോഴ്സ്,
ടീച്ചേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം, മാസ്റ്റർ തിസീസ്, അക്കാഡമിക് പ്രോജക്ട്,
സെമിനാർ പ്രസന്റേഷൻ, ദേശീയ-അന്തർ ദേശീയ പഠന യാത്രകൾ,
ഓറിയന്റേഷൻ ക്യാമ്പുകൾ

## ഡിപ്പാർട്ടുമെന്റുകൾ

കുല്ലിയ്യ ഓഫ് ഖുർആൻ ആൻഡ് സുന്ന

കുല്ലിയ്യ ഓഫ് ശരീഅ

കുല്ലിയ്യ ഓഫ് ഉസ്വൂലുദ്ദീൻ

കുല്ലിയ്യ ഓഫ് സോഷ്യൽ സയൻസസ്

കുല്ലിയ്യ ഓഫ് ലാംഗ്വേജ് അന്റ് ലിറ്ററേച്ചർ

## അംഗീകാരങ്ങൾ

ഫെഡറേഷൻ ഓഫ് ദ യൂണിവേഴ്സിറ്റീസ് ഓഫ് ദ ഇസ്ലാമിക് വേൾഡ്, മൊറോക്കോ
ദ ലീഗ് ഓഫ് ഇസ്ലാമിക് യൂണിവേഴ്സിറ്റീസ്, കൈറോ, ഈജിപ്ത്
അൽ അസ്ഹർ യൂണിവേഴ്സിറ്റി, ഈജിപ്ത്
അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി, ഉത്തർ പ്രദേശ്
ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഡൽഹി
ജാമിഅ മില്ലിയ്യ, ഡൽഹി
ഹംദർദ് യൂണിവേഴ്സിറ്റി, ഡൽഹി
മൗലാനാ ആസാദ് നാഷണൽ ഉർദു യൂണിവേഴ്സിറ്റി, ഹൈദരാബാദ്

## അക്കാദമിക സഹകരണമുള്ള വിദേശ യൂണിവേഴ്സിറ്റികൾ

- International Islamic University Malaysia (IIUM), Kuala Lumpur
- University of al-Qarawiyyin, Fez, Morocco
- Sultan Sharif Ali Islamic University, Brunei
- Kuwait University, Kuwait
- Tripol University , Libya
- Omdurman University, Sudan
- Alzaiem Al Azhri University, Khartoum
- Ez-zitouna University, Tunisia
- Ankara University, Turkey
- Yildirim Beyazit University, Istambul
- UPNM, Malaysia

## CPET

ദാറുൽഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിക്കു കീഴിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സേവനങ്ങൾ കാഴ്ചവെക്കാനും പൊതുജനങ്ങൾക്കായി വിവിധ വിദ്യാഭ്യാസ പരിശീലന കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുമായി 2012 ൽ ആരംഭിച്ച സംരംഭമാണ് സെന്റർ ഫോർ പബ്ലിക് എജുക്കേഷൻ ആന്റ് ട്രെയ്നിംഗ് (CPET).

**മഹ്ദിയ്യ കോഴ്സ്**
ഹയർ സെക്കണ്ടറി, ഡിഗ്രി തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥിനികൾക്ക് ഭൗതിക പഠനത്തോടൊപ്പം മതപഠനം ഉറപ്പ് വരുത്താൻ സിപെറ്റിന് കീഴിൽ തുടക്കം കുറിച്ച വിദ്യാഭ്യാസ സംരംഭമാണ് മഹ്ദിയ്യ കോഴ്സ്. നിലവിൽ അറുപതിലധികം സെന്ററുകളിലായി മുവ്വായിരത്തിലധികം വിദ്യാർത്ഥിനികൾ പഠിച്ച് കൊണ്ടിരിക്കുന്നു.



# Students Activities

## DSU

മുഴുവൻ ദാറുൽഹുദാ വിദ്യാർത്ഥികളുടെയും സംഘടനയാണ് ഡി.എസ്.യു. അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥി കൂട്ടായ്മകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ക്രിയാത്മകവും അക്കാദമികവുമായ വിവിധ തരം പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

## ASAs

ദാറുൽഹുദായുടെ യു.ജി വിദ്യാർത്ഥികളുടെ വൈജ്ഞാനിക-കലാ-സാംസ്കാരിക-സാമൂഹിക-സാഹിത്യ-കായിക രംഗങ്ങളിലെ സമഗ്ര പുരോഗതികൾക്കായി പ്രവർത്തിക്കുന്നു.

## Thelicham

മലയാളത്തിലെ ആദ്യത്തെ കലാലയ മാസികയാണ് തെളിച്ചം. 22 വർഷങ്ങളായി മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്നു. ഇസ്‌ലാമിക വിജ്ഞാനങ്ങൾ, മുസ്‌ലിം പാരമ്പര്യം, സംസ്കാരം, സമൂഹം, രാഷ്ട്രീയം എന്നിങ്ങനെ നിരവധി മേഖലകളിൽ ഗഹനമായ അക്കാദമിക പഠനങ്ങളാണ് തെളിച്ചം പ്രസിദ്ധീകരിക്കുന്നത്.

## Islamic Insight Journal

ദാറുൽഹുദാ ഇസ്‌ലാമിക് ആൻഡ് ഹ്യൂമൺ സയൻസസ് വിഭാഗം ഇംഗ്ലീഷ് ഭാഷയിൽ പുറത്തിറക്കുന്ന അക്കാദമിക് ജേണലാണ് ഇസ്‌ലാമിക് ഇൻസൈറ്റ്. ഇസ്‌ലാമിക ജ്ഞാന പാരമ്പര്യവും മുസ്‌ലിം സംസ്കാരവും അധികരിച്ചുള്ള ഗവേഷണ പ്രബന്ധങ്ങൾക്ക് വെളിച്ചം നൽകലാണ് ജേണലിന്റെ താൽപര്യം.

# ഹാദിയ (അലുംനി അസോസിയേഷൻ)

ദാറുൽഹുദാ ഇസ്‌ലാമിക് യൂണിവേഴ്‌സിറ്റി അലുംനി അസോസിയേഷനാണ് ഹാദിയ. 1998 ൽ രൂപീകരിച്ചു. മൂവായിരത്തോളം അംഗങ്ങൾ. കേരളത്തിലും പുറത്തുമായി 38 ചാപ്റ്ററുകൾ പ്രവർത്തിക്കുന്നു. ദാറുൽഹുദായുടെ ലക്ഷ്യത്തിലും മാർഗത്തിലും പ്രവർത്തനനിരതമായ ഹാദിയ ഇന്ത്യയിലെ ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക വളർച്ചക്കു വേണ്ട ദീർഘകാല പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.  സാമൂഹിക മികവ്, അഭിമാനകരമായ അസ്തിത്വം നേടുകയെന്നതാണ് ലക്ഷ്യം. പാണക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ സോഷ്യൽ എക്സലൻസ്(CSE) ഹാദിയയുടെ ബഹുമുഖമായ പദ്ധതികൾ ഏകോപിപ്പിക്കുന്നു.






جامعة دار الهدى الإسلامية

DARUL HUDA ISLAMIC UNIVERSITY

HIDAYA NAGAR, CHEMMAD, PB.No.3, TIRURANGADI
MALAPPURAM, KERALA, INDIA - 676306
Contact No.: 0091-494-2463155, 2464502, 2460575, 9745460575